بسم الله الرحمن الرحيم
نحمده ونصلي على رسوله الكريم. وعلى عبده المسيح الموعود

ഖുത്ബ
28.10.2005
ബയ്തുൽ ഫുതൂഹ്, ലണ്ടൻ

# അവശേഷിക്കുന്ന ദിനങ്ങളിൽ കൂടുതൽ ശ്രമിക്കുക

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ

റമസാൻ സമാഗതമായി, വളരെ വേഗത്തിൽ കടന്നുപോകുകയും ചെയ്തു. അല്പം ചില ദിനങ്ങൾ മാത്രം അവശേഷിച്ചിരിക്കുന്നു. 5, 6 ദിവസം. റമസാൻ തുടങ്ങുമ്പോൾ ഈ മുപ്പതുദിവസം നന്മകൾ ചെയ്യാനും, പരിശുദ്ധമായ മാറ്റം ഉണ്ടാക്കാനും അവസരം കിട്ടുമെന്ന് സത്യവിശ്വാസി കരുതുന്നു. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി ഞാൻ ഇതും ചെയ്യും അതും ചെയ്യും എന്ന് തീരുമാനിക്കുന്നു. എന്നാൽ, വേഗത്തിൽ റമസാൻ കടന്നുപോയപ്പോൾ ഇതെന്താണെന്ന് തോന്നിപ്പോകുന്നു. അല്പദിവസം മാത്രം അവശേഷിച്ചു. റമസാനിലെ അവസാനത്തെ ജുമുആയും വന്നു. എനിക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ല. ശരിയായ സത്യവിശ്വാസി ഇങ്ങനെയൊക്കെയാണ് ചിന്തിക്കുന്നത്. എന്തായാലും ഈ അവശേഷിക്കുന്ന അല്പം ദിനങ്ങളിലെങ്കിലും, അല്ലാഹുവിന്റെ അനുഗ്രഹം സ്വരുക്കൂട്ടണമെന്നും, ആത്മാർത്ഥരായി അവനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധിക്കണമെന്നും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കാൻ പരിശ്രമിക്കണമെന്നും അവനോട് സഹായം തേടണമെന്നുമുള്ള ബോധം ഉണ്ടായാൽ, ഈ ബോധവും ഈ കർമ്മവും എല്ലാതരത്തിലുള്ള നന്മയും ചെയ്യുന്നതിലേക്ക് ശ്രദ്ധ തിരിച്ചുവിടുന്നതായിരിക്കും. അങ്ങനെ അവനെ ആരാധിക്കുന്നതിലേക്ക് ആത്മാർത്ഥരായി ശ്രദ്ധിക്കുന്നവരും അവന്റെ അനുഗ്രഹങ്ങളുടെ അവകാശികളുമായിത്തീരും.

ഈ അവസാനത്തെ പത്തിൽ, ആദ്യത്തെക്കാളുപരി അല്ലാഹു തന്റെ ദാസരിലേക്ക് ശ്രദ്ധ തിരിക്കുന്നു. ദുആ സ്വീകാര്യതയുടെ ദൃശ്യങ്ങൾ ആദ്യത്തെക്കാൾ കൂടുതലായി ഈ പത്തുദിനങ്ങളിൽ പ്രകടിപ്പിക്കുന്നു. എന്നല്ല, ഈ ദിനങ്ങളിൽ അല്ലാഹു ***ലയ്ലത്തുൽ ഖദ്ർ*** എന്ന് വിശേഷിപ്പിച്ച ഒരു രാത്രിയും വരുന്നുണ്ട്. ഇത് ആയിരം മാസത്തെക്കാൾ ശ്രേഷ്ഠമാണ്. ഈയൊരു രാത്രിയിലെ ആരാധന, മനുഷ്യനെ ദൈവപ്രഭാവമുള്ള മനുഷ്യനാക്കിത്തീർക്കാൻ പര്യാപ്തമാണ്. നാം നമ്മുടെ ഉള്ളിൽ പരിശുദ്ധമായ പരിവർത്തനമുണ്ടാക്കിക്കൊണ്ട് ആത്മാർത്ഥതയോടെ ഈ ആറു ദിവസങ്ങളിൽമാത്രം അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയാണെങ്കിൽ, ഈ ആറുരാത്രി എന്നല്ല ഇതിൽ ഒരു രാത്രി മാത്രം നമ്മുടെ ഉള്ളിൽ വിപ്ലവകരമായ പരിവർത്തനം ഉണ്ടാക്കുന്നതായിത്തീരും. അങ്ങനെ നാം അല്ലാഹുവിന്റെ ശരിയായ ദാസരും അവന്റെ കല്പനയനുസരിച്ച്, നമ്മുടെ ജീവിതലക്ഷ്യം തിരിച്ചറിയുന്നവരുമായിത്തീരുന്നതാണ്. അല്ലാഹു മനുഷ്യന്റെ ജീവിതലക്ഷ്യമായി പറഞ്ഞത് മനുഷ്യൻ അവനെ ആരാധിക്കുന്നവനായിത്തീരണം എന്നാണ്. ഇതാണ് മനുഷ്യജീവിതത്തിന്റെ ലക്ഷ്യം. അതുകൊണ്ട് ആരാധനയുടെ നില മെച്ചപ്പെടുത്തുന്നതിനായി അല്പം ദിനങ്ങൾ ഇപ്പോൾ ബാക്കിയായിരിക്കുന്നു. ഈ ദിനങ്ങളെ സംബന്ധിച്ച് അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞു, അവസാനത്തെ പത്തിലെ ഈ ദിനങ്ങൾ, ഈ അനുഗൃഹീതമാസം കാരണത്താൽ നരകത്തിൽ നിന്ന് മോചനം നല്കുന്ന ദിനങ്ങളാണ്. പാപത്തിന്നടിപ്പെട്ടു കിടക്കുന്ന മനുഷ്യൻപോലും, ആത്മാർത്ഥമായി അല്ലാഹുവിന്റെ മുമ്പിൽ കുനിഞ്ഞാൽ, സ്വയം തന്നെ തീയിൽനിന്ന് രക്ഷിക്കുന്നവനായിത്തീരും. അതിനാൽ, പാപത്തിന്നടിപ്പെട്ടു കിടക്കുന്നവനും, സ്വന്തം ജീവിതത്തെ പരിശുദ്ധമാക്കാനുള്ള ചുറ്റുപാടുകൾ ഉണ്ടാക്കുക എന്നുള്ള സുവാർത്തയാണ് ഇതിലുള്ളത്. ഈ റമസാനിലെ കഴിഞ്ഞുകടന്ന ദിനങ്ങളിൽ ആർക്കാണോ ദുആ ചെയ്യാനും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാനും അവന്റെ തൃപ്തിയുടെ മാർഗ്ഗത്തിലൂടെ നടക്കാനും അവസരം കിട്ടിയത്, അല്ലെങ്കിൽ ആർക്കാണോ തന്റെ കർമ്മഫലം കാരണത്താൽ കഴിഞ്ഞുകടന്ന ദിനങ്ങളിലെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകാൻ ഭാഗ്യം ലഭിക്കാതിരുന്നത്, ഇവരെല്ലാവരും അല്ലാഹുവിനോടുള്ള ഭയം ഹൃദയത്തിൽ ഉണ്ടാക്കിയും അതിനെ പ്രയോജനപ്പെടുത്തിയും ദുആ ചെയ്തും അല്ലാഹുവിന്റെ അനുഗ്രഹം തേടിയും കൊണ്ട് ഈ അവശേഷിക്കുന്ന ദിനങ്ങളിലെ അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ ദിനങ്ങൾ ദുആയിൽ കഴിച്ചുകൂട്ടേണ്ടതാണ്. ഞാനോതിയ ഖുർആനിക വചനത്തിലും അതിന് മുമ്പേയുള്ള വചനത്തിലും റമസാനെ കുറിച്ചുള്ള കല്പനകളാണുള്ളത്. അതിനുശേഷവും റമസാനെ കുറിച്ചുള്ള കല്പന പറഞ്ഞിരിക്കുന്നു. ഈ വചനത്തിൽ അല്ലാഹു പറയുന്നു: “എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോടു ചോദിക്കുന്നപക്ഷം, നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്ക് ഞാൻ ഉത്തരം നല്കുന്നു; അവൻ എന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ. അതുകൊണ്ട് അവരും എന്റെ വിളിക്ക് ഉത്തരം നല്കുകയും എന്നിൽ വിശ്വ

സിക്കുകയും ചെയ്യട്ടെ; അവർ സന്മാർഗ്ഗം പ്രാപിക്കുന്നതിനുവേണ്ടി.

ഇതിൽ അല്ലാഹുതആല ദുആ സ്വീകാര്യതയുടെ രീതി നമുക്കു മനസ്സിലാക്കിത്തന്നിരിക്കുന്നു. ഒന്നാമതായി പറയാനുള്ളത് ഭൗതിക കാര്യത്തിനായി മാത്രം നിങ്ങൾ എന്റെയടുക്കൽ വരരുതെന്നും എന്നെ അന്വേഷിച്ച് എന്റെയടുത്തുവരികയെന്നുമാണ്. എന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിക്കുക. നിങ്ങൾ എന്നോട് എന്നെ ചോദിക്കുമ്പോൾ, ഞാൻ നിങ്ങളിൽനിന്ന് അകലത്തല്ലെന്ന് ഞാൻ നിങ്ങൾക്ക് അറിയിച്ചുതരും. ഞാൻ നിങ്ങളുടെ സമീപസ്ഥനാണ്. എന്നല്ല നിങ്ങളുടെ ജീവനാഡിയേക്കാൾ അടുത്താകുന്നു. ഞാൻ എന്റെ ദാസന്റെ വിളികേട്ടുകൊണ്ട് ഓടി അവനിലേക്ക് വരും. എന്നാൽ, നിങ്ങൾ ഞാൻ പറഞ്ഞമാർഗ്ഗത്തിലൂടെ എന്റെ വിളിക്കുത്തരം നല്കുക. നിങ്ങളുടെ ആവശ്യം വരുമ്പോൾ മാത്രം എന്നെ വിളിക്കാതിരിക്കുകയും ഏതെങ്കിലും വിപത്തിൽ അകപ്പെടുമ്പോൾ മാത്രം എന്റെയടുത്ത് വരാതിരിക്കുകയും ചെയ്യുക; അത്തരം സന്ദർഭങ്ങളിൽ വിളിക്കുന്ന ആളിന്റെ പ്രാർത്ഥനയും അല്ലാഹു കേൾക്കുന്നതാണ്. എന്നാൽ, വെറും അത്തരം ഘട്ടങ്ങളിൽ മാത്രം വിളിക്കുന്നതുകൊണ്ട്, സുഹൃത്ത്ബന്ധം നിലനില്ക്കുകയില്ല. സുഹൃത്ത്പരമായ ഇടപാടാണ് അല്ലാഹുവുമായിട്ടെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുണ്ട്.

യഥാർത്ഥമായതും ദൃഢതരമായിട്ടുള്ളതും എന്നെന്നും നിലനില്ക്കുന്നതുമായ കൂട്ടുകെട്ടിനായി കൂട്ടുകാരൻ പറയുന്ന കാര്യങ്ങളും അംഗീകരിക്കേണ്ടതായി വരും. അതുകൊണ്ടാണ് താൻ പറഞ്ഞകാര്യങ്ങൾക്ക് നിങ്ങൾ ലബ്ബൈക്ക് പറയുകയും താൻ പറയുന്നത് അംഗീകരിക്കുകയും ചെയ്താൽ നമ്മൾ തമ്മിലുള്ള സുഹൃത്ബന്ധം ദൃഢമാകുന്നതാണെന്ന് അല്ലാഹു പറഞ്ഞത്. അതുകൊണ്ട് മനുഷ്യൻ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം പൂർത്തിയാക്കുന്നതിനായി അല്ലാഹു നല്കിയ ആദ്യത്തെ കല്പനയും, ഏകനായ അല്ലാഹുവിനെ ആരാധിക്കുക എന്നതുതന്നെയാണ്. റമസാനിലെ മുപ്പതുദിവസം മാത്രമല്ല ഇതിനായി നിശ്ചയിച്ചിട്ടുള്ളത്. മുടങ്ങാതെ സ്ഥിരമായിട്ട് ആരാധിക്കാനാണ് അല്ലാഹു പറഞ്ഞത്. നിർബന്ധമാക്കപ്പെട്ട അഞ്ചു നിസ്കാരവും നിത്യവും ജമാഅത്തോടുകൂടി നിസ്കരിക്കുക. പള്ളിയിലോ, നിസ്കരിക്കാൻ ഏർപ്പാട് ചെയ്തിരിക്കുന്ന സെന്ററിലോ പോയി നിസ്കരിക്കുക എന്നതാണ് പുരുഷന്മാരോടുള്ള കല്പന. സ്ത്രീകളോട് പറഞ്ഞത് വീടുകളിൽ അഞ്ചുനേരം നിസ്കരിക്കാനാണ്. നിശ്ചിതസമയത്ത് നിസ്കരിക്കുക. നിസ്കാരത്തിനുവേണ്ടി മറ്റുള്ള ജോലിത്തിരക്കുകൾ കുറയ്ക്കുക. റമസാൻ മാസത്തിൽ ഓരോരുത്തരും നിസ്കരിക്കുന്നതിലേക്കും ഖുർആൻ ഓതുന്നതിലേക്കും പ്രാർത്ഥിക്കുന്നതിലേക്കും പ്രത്യേകം ശ്രദ്ധിക്കുന്നതുപോലെ റമസാനുശേഷവും കൃത്യസമയങ്ങളിൽതന്നെ അഞ്ചുനേരം നിസ്കരിക്കേണ്ടതാണ്. ഒരു സുഹൃത്ബന്ധവും അല്ലാഹുവിനോടുള്ള സുഹൃത്ബന്ധത്തെ കവച്ചുവയ്ക്കുന്നതാകരുത്. മറ്റുള്ളവരോട് ഇല്ലാത്തതായ വിശ്വാസം അല്ലാഹുവിനോടുണ്ടാകണം. എപ്പോഴും അവനെയാണ് സഹായത്തിനായി വിളിക്കേണ്ടത്. ചില കാര്യങ്ങളുടെ സഹായത്തിനായി അല്ലാഹു അല്ലാത്തവരെ വിളിക്കരുത്. അങ്ങനെയാണെങ്കിൽ അത് ബലഹീനമായ ഈമാനികാവസ്ഥയാണ്. നിങ്ങൾ നിങ്ങളുടെ ഈമാനികാവസ്ഥ വർദ്ധിപ്പിക്കാനും ദൃഢവും സമ്പൂർണ്ണവുമായ വിശ്വാസം വെച്ചുപുലർത്താനും അല്ലാഹു പറയുന്നു. അല്ലാഹുവിൽ ഉറച്ച വിശ്വാസമുണ്ടെന്ന് നമ്മൾ പറയുന്നുവെന്നത് ശരിതന്നെ. പക്ഷേ, നമ്മുടെ ഈ വാദത്തെ ബലഹീനമാക്കുന്നവിധത്തിലുള്ള പ്രവൃത്തികൾ ചിലപ്പോൾ നമ്മളിൽനിന്നുണ്ടാകും. സത്യത്തെ സാക്ഷിപ്പെടുത്തിക്കൊണ്ട് അവനെ അനുസരിക്കുന്നവരായിത്തീരുക എന്നതാണ് ഈമാൻ. ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ വിശ്വസിച്ചതിനു ശേഷം, ആ മഹാത്മാവിനെ സാക്ഷ്യപ്പെടുത്തിയതിനു ശേഷം എത്രത്തോളം നാം അവിടന്ന് പറഞ്ഞ കാര്യങ്ങൾ അനുസരിച്ചിട്ടുണ്ടെന്ന് ഓരോരുത്തരും ആത്മപരിശോധന നടത്തിനോക്കുക. അല്ലാഹുവിന്റെ സാമീപ്യം നമുക്ക് കിട്ടാൻ അവിടന്ന് ഏതെതെല്ലാം നിബന്ധനകൾ വെച്ചുകൊണ്ടാണോ നമ്മളിൽനിന്ന് ബയ്അത്ത് വാങ്ങിയത്, അതനുസരിച്ച് എത്രത്തോളം നാം പ്രവൃത്തിക്കുന്നുണ്ട്. അല്ലാഹു വിശുദ്ധഖുർആനിലൂടെ നമുക്ക് നല്കീട്ടുള്ള കല്പനകൾ എത്രത്തോളം പ്രവൃത്തിച്ചുകൊണ്ട് നാം അനുസരണശീലരാണെന്ന് തെളിയിക്കുന്നുണ്ട്. നമ്മുടെ നാവ് പറയുകയും അത് നമ്മുടെ ഹൃദയവും നമ്മുടെ ശരീരാവയവങ്ങളുടെ ഓരോ ഭാഗവും നമ്മുടെ അനുസരണത്തിനും പ്രവർത്തനത്തിനും സാക്ഷി പറയുകയും ചെയ്യേണ്ടതാണ്. ഇതാണ് ഈമാനികാവസ്ഥ. മിക്കപ്പോഴും മിക്കവരുടെയും മനസ്സ് ഇത് സത്യമാണോ എന്ന് ചിന്തിച്ചുകൊണ്ടിരിക്കുന്നുണ്ടാകും. ചിലപ്പോൾ മനസ്സുകൊണ്ട് സാക്ഷ്യപ്പെടുത്തുകയും അത് പ്രകടിപ്പിക്കുകയും ചെയ്യും. ഞാൻ അല്ലാഹുവിനെ വിശ്വസിക്കുന്നുവെന്ന് പറയും. പക്ഷെ, ഇക്കാര്യങ്ങൾ കൊണ്ട് ഈമാൻ പരിപൂർണ്ണമാകുകയില്ല. അല്ലാഹുവിന്റെ അധ്യാപനങ്ങൾക്കു വിരുദ്ധമല്ല തന്റെ ഒരു പ്രവർത്തനവുമെന്ന് ശരീരത്തിന്റെ ഓരോ അവയവങ്ങളും ഓരോ ഭാഗവും സാക്ഷി പറയണം. അപ്പോഴാണ് ഈമാൻ പരിപൂർണ്ണമാകുന്നത്. അതായത്, അല്ലാഹുവിൽ പരിപൂർണ്ണവിശ്വാസവും, സത്യസന്ധമായ സംസാരവും, സൽക്കർമ്മവും ഉണ്ടാവേണ്ടതാണ്. ഇതെല്ലാം ഒത്തൊരുമിക്കുകയാണെങ്കിൽ, അതിനാണ് ഈമാൻ എന്നു പറയപ്പെട്ടിട്ടുള്ളത്. ഈ മൂന്നുകാര്യങ്ങളും ഒന്നിച്ചുവരുന്നില്ലെങ്കിൽ പൂർണ്ണഈമാനില്ലെന്നാണ് അർത്ഥം. നിങ്ങൾ എങ്ങനെയാണ് വിശ്വസിക്കേണ്ടതെന്ന് അല്ലാഹു പറയുന്നു. നോക്കുക, അല്ലാഹുവിന്റെ എത്രയെത്ര കല്പനകളാണുള്ളത്, അവയിൽ എത്ര കല്പനകളനുസരിച്ചാണ് നാം പ്രവർത്തിക്കുന്നത്.

ആരാധനതന്നെ എടുത്തുനോക്കുക. അതിന്റെ കടമ മുറപോലെ നാം നിറവേറ്റുന്നുണ്ടോ? അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമയുണ്ട്. നാം അത് നിറവേറ്റുന്നുണ്ടോ? എന്തെങ്കിലും വ്യക്തിപരമായ നേട്ടം ഉണ്ടെന്നുകണ്ടാൽ മറ്റുള്ളതെല്ലാം നാം മറന്നുപോകുന്നു. പിന്നെ സ്വന്തം നേട്ടത്തെക്കുറിച്ചാണ് ചിന്ത. തന്നോട് ദുആ ചെയ്യാൻ അല്ലാഹു പറഞ്ഞു. ദുആയ്ക്കുള്ള നിബന്ധന ക്ഷമയോടെ ചോദിച്ചുകൊണ്ടേയിരിക്കുക എന്നതാണ്. എടുത്തുചാടിക്കൊണ്ട് ദുആ ചെയ്യുകയും ഇടയ്ക്കുവെച്ച് അത് വിട്ടുകളയുകയും ചെയ്യുക എന്നത് ദുആ ചെയ്യേണ്ട രീതിയല്ല. സത്യവിശ്വാസികളുടെ അടയാളമായി അല്ലാഹു പറഞ്ഞത്, അവർ ദുആ ചെയ്യുമ്പോൾ ക്ഷമ അവലംബിക്കുകയും ധിറുതി കാണിക്കാതിരിക്കുകയും ചെയ്യുന്നുവെന്നാണ്. ഇങ്ങനെ ചെയ്യുന്നവരാണ് തങ്ങളുടെ ലക്ഷ്യം നേടുന്നത്. എന്താണ് അവരുടെ ലക്ഷ്യം, എന്താണ് അവർ നേടേണ്ടത്? അല്ലാഹുവിന്റെ രിളാ അഥവാ അവന്റെ തൃപ്തി. അല്ലാഹു പറഞ്ഞു:

***വല്ലദീന സ്വബറുബ്തിഗാഅ വജ്ഹി റബ്ബിഹിം*** തങ്ങളുടെ നാഥന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ട് അവർ ക്ഷമ കൈക്കൊണ്ടു. (*13:23*) അല്ലാഹുവിനുവേണ്ടി ക്ഷമ കൈക്കൊള്ളുകയും സ്ഥിരചിത്തതയോടെ അവനോടു ദുആ ചെയ്യുകയും പിന്നീട് ചോദിച്ചുകൊണ്ടേയിരിക്കുകയും ചെയ്യുമ്പോൾ അല്ലാഹു പറഞ്ഞതുപോലെ അവൻ ദുആ സ്വീകരിക്കുന്നു. ഉദ്ദേശ്യം അല്ലാഹുവിന്റെ രിളാ അഥവാ തൃപ്തി കരസ്ഥമാക്കുക എന്നതു മാത്രമായിരിക്കേണ്ടതാണ്. മറ്റു വസ്തുക്കളെല്ലാം ഇതിന് അനുബന്ധമായി വരുന്നതാണ്. അല്ലാഹുവിന്റെ തൃപ്തി കിട്ടിക്കഴിഞ്ഞാൽ അതെല്ലാം തനിയെ ലഭിച്ചുകൊള്ളും. പറഞ്ഞു: ***സലാമുൻ അലയ്ക്കും ബിമാ സ്വബർതും*** നിങ്ങൾ ക്ഷമ കൈക്കൊണ്ട കാരണത്താൽ നിങ്ങൾക്ക് സമാധാനം (*13:25*) നിങ്ങൾ ഇങ്ങനെ ക്ഷമിച്ച കാരണത്താൽ എന്റെ അനുഗ്രഹങ്ങൾ നിങ്ങളുടെമേൽ ഉണ്ടാവട്ടെ എന്ന് അല്ലാഹു പറയുന്നു. അല്ലാഹുവിൽനിന്ന് സമാധാനത്തിന്റെയും ശുഭപര്യവസാനത്തിന്റേയും സന്തോഷകരമായ വാർത്ത ലഭിക്കുമ്പോൾ, മറ്റുള്ളിടത്തേക്ക് പോകേണ്ട ആവശ്യമെന്താണ്? അതുകൊണ്ട് എപ്പോഴും ഒരു സത്യവിശ്വാസി ക്ഷമയോടുകൂടി പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതാണ്. പ്രാർത്ഥനകളിൽ നാം അല്ലാഹുവിനോട് അവന്റെ തൃപ്തിയും ദയാദൃഷ്ടിയും ചോദിക്കുമ്പോൾ, മറ്റുള്ളവരോട് പ്രാർത്ഥിക്കേണ്ട ആവശ്യമേ ഉണ്ടാകുകയില്ല. മറ്റുള്ളവരോടുള്ള പ്രാർത്ഥന അനാവശ്യമായിത്തീരും. ചില ഘട്ടങ്ങളിൽ ചിലർ എടുത്തുചാടി ചെയ്യുന്ന നന്മരഹിതമായ പ്രാർത്ഥന നമ്മുടെ വായിൽ നിന്ന് പുറത്തുവരികയില്ല. സ്വന്തംകാര്യം മാത്രം ലാക്കാക്കിയുള്ള പ്രാർത്ഥന ചെയ്യണമെന്ന തോന്നലോ വെറും ഭൗതികകാര്യത്തിനായുള്ള പ്രാർത്ഥനയോ നമ്മളിൽനിന്നുണ്ടാകുകയില്ല. അല്ലാഹുവിന്റെ തൃപ്തി കിട്ടിക്കഴിഞ്ഞാൽ അല്ലാഹു അവന്റെ വാഗ്ദാനമനുസരിച്ച് സ്വയം നമ്മുടെ ജാമ്യക്കാരനായിമാറുകയും നമ്മുടെ ആവശ്യങ്ങൾ പൂർത്തീകരിച്ചുതരികയും ചെയ്യുന്നതാണ്. അതിനുള്ള നിബന്ധന, ഈ റമളാനിലെ മുപ്പതു ദിവസത്തിനുശേഷവും നാം കൈവരിച്ച ക്ഷമ കൈവിട്ടുപോകാൻ പാടില്ല എന്നതാണ്. പ്രത്യുത പ്രത്യേകമായ ചുറ്റുപാടുകൊണ്ടുണ്ടായ ഈ പ്രാർത്ഥനാശീലം അല്ലെങ്കിൽ അതിലേക്കുണ്ടായ ശ്രദ്ധ ഇനി ജീവിതത്തിന്റെ ഭാഗമായിത്തീരേണ്ടതാണ്. നമ്മൾ സ്വായത്തമാക്കിയ കാര്യങ്ങളെല്ലാം സ്ഥിരമായ ജീവിതചര്യയാക്കിമാറ്റാൻ ഓരോരുത്തരും ശ്രമിക്കേണ്ടതാണ്. അവസാനത്തെപത്തിൽ അല്ലാഹു ദുആ പ്രത്യേകമായി സ്വീകരിക്കുന്നുവെന്നും നരകത്തിൽനിന്ന് മോചനം നല്കുന്നുവെന്നും നബി(സ) തിരുമേനി പറയുകയുണ്ടായി. അതിനോടൊപ്പം ഈ ദുനിയാവിലെ ഇന്ദ്രിയാശകളുടെ നരകത്തിൽനിന്നും മോചനം കിട്ടാനും ദുആ ചെയ്യേണ്ടതാണ്. നമ്മുടെ പ്രാർത്ഥനകൾ അല്ലാഹു സ്വീകരിക്കുമാറാകട്ടെ. നമ്മുടെ പശ്ചാത്താപം സ്വീകരിച്ചുകൊണ്ട് നമ്മെ അവന്റെ തൃപ്തി കരസ്ഥമാക്കുന്നവരാക്കിത്തീർക്കട്ടെ.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "***ഉജീബു ദഅ്വത്തദ്ദാഇ ഇദാ ദആൻ***" അതായത് ഞാൻ തൗബ ചെയ്യുന്നവന്റെ തൗബ സ്വീകരിക്കുന്നു. അല്ലാഹുവിന്റെ ഈ വാഗ്ദാനം, സത്യഹൃദയത്തോടെ തൗബ ചെയ്യേണ്ടതാണെന്ന് വിളിച്ചോതുന്നു. അല്ലാഹുവിൽനിന്ന് ഇത്തരം സമ്മതം ഇല്ലെങ്കിൽ, തൗബ സ്വീകരിക്കപ്പെടുക എന്നത് ദുഷ്കരമായ കാര്യമായിത്തീരും. സത്യഹൃദയത്തോടെയുള്ള കുറ്റസമ്മതത്തിന്റെ ഫലമായി, തൗബ ചെയ്യുന്നവരോട് അല്ലാഹു പറഞ്ഞിട്ടുള്ള വാഗ്ദാനങ്ങൾ അവനും പൂർത്തിയാക്കുന്നു. ഞാൻ എല്ലാ പാപങ്ങളിൽനിന്നും രക്ഷപ്പെടുമെന്നും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്നും മനുഷ്യൻ ഏറ്റുപറയുന്ന സമയം മുതൽ ഒരു ദിവ്യജ്യോതിസ്സ് അവന്റെ ഹൃദയത്തിൽ വെളിപ്പെടാൻ തുടങ്ങുന്നു."

സത്യഹൃദയത്തോടെയുള്ള ഈ കുററസമ്മതമാണ് വളരെ പ്രധാനപ്പെട്ട കാര്യം. അവശേഷിക്കുന്ന ദിനങ്ങളിൽ പ്രത്യേകമായ നിലയിൽ നാം കുറ്റം സമ്മതിക്കുകയും ദുആ ചെയ്യുകയും ചെയ്യേണ്ടതാണ്. നാം ഈ തൗബയിൽ ഉറച്ചുനില്ക്കുന്നവരായിത്തീരാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. റമസാനിൽ നാം നമ്മളിൽ വരുത്തിയ പരിവർത്തനം റമസാനുശേഷവും നിലനിർത്താൻ പരിശ്രമിക്കേണ്ടതാണ്. അത് തുടർന്നുകൊണ്ടേപോകേണ്ടതാണ്. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന നമ്മുടെ പ്രതിജ്ഞയിൽ നമുക്ക് ഉറച്ചുനില്ക്കാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ. ദുആ ചെയ്യുന്നതിനോടൊപ്പം നാം ആത്മപരിശോധനയും നടത്തുമ്പോഴും, ദീനിന് ദുൻയാവിനെക്കാൾ മുൻതൂക്കം നല്കുന്നുണ്ടോ എന്ന് പരിശോധിക്കുമ്പോഴും നമുക്ക് കൂടുതൽ പരിവർത്തനങ്ങളിലേക്ക്

ശ്രദ്ധിക്കാനും കൂടുതൽ തൗബ ചെയ്യാനും അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കാനും സൽക്കർമ്മങ്ങൾ ചെയ്യാനും തൗഫീഖ് കിട്ടുന്നതാണ്. അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് നമ്മുടെ തൗബ സ്വീകരിച്ചുകൊണ്ട് നമ്മിലേക്ക് ശ്രദ്ധതിരിക്കും. കൂടുതൽ നന്മ ചെയ്യാനുള്ള കവാടം തുറന്നുകൊണ്ടേ പോകും. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി ഇതെല്ലാം ചെയ്യുമ്പോഴാണ് അതിൽ അനുഗ്രഹം ഉണ്ടാകുന്നത്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ദുആ, അല്ലാഹുവിന്റെ അസ്തിത്വത്തിനുള്ള പ്രബലമായ തെളിവാണ്. അല്ലാഹു ഒരിടത്തു പറയുന്നു: ***വ ഇദാ സഅലക്ക ഇബാദീ അന്നീ ഫ ഇനീ ഖരീബുൻ ഉജീബു ദഅ്വത്തദ്ദാഇ ഇദാദആൻ*** അല്ലാഹു എവിടെ, അതിനുള്ള തെളിവെന്ത്? എന്ന് എന്റെ ദാസന്മാർ നിന്നോടു ചോദിക്കുമ്പോൾ നീ പറയുക. അല്ലാഹു വളരെ സമീപസ്ഥനാണ്. അതിനുള്ള തെളിവ് പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ അതിന് ഞാൻ ഉത്തരം നല്കുന്നു എന്നതാണ്. ഉത്തരം ചിലപ്പോൾ സത്യമായിപ്പുലരുന്ന സ്വപ്നങ്ങളിലൂടെ ലഭിക്കുന്നു. ചിലപ്പോൾ ദിവ്യദർശനങ്ങളിലൂടെയും ഇൽഹാമുകളിലൂടെയും ലഭിക്കുന്നു. ഇതുകൂടാതെ ദുആ മുഖേന അല്ലാഹുവിന്റെ ശക്തിയുടേയും കഴിവിന്റേയും പ്രകടനവുമുണ്ടാകുന്നു. പ്രയാസങ്ങൾ പരിഹരിക്കാൻ അവൻ ശക്തനാണെന്ന് മനസ്സിലാകുകയും ചെയ്യുന്നു. ചുരുക്കത്തിൽ ദുആ വലിയ സമ്പത്തും കരുത്തുമാണ്. വിശുദ്ധഖുർആനിൽ ഒരുപാട് സ്ഥലങ്ങളിൽ ഇത് പറഞ്ഞിട്ടുണ്ട്. ദുആ മുഖേന ബുദ്ധിമുട്ടുകളിൽനിന്ന് മോചനം കിട്ടിയ ആളുകളുടെ അവസ്ഥയും അതിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രവാചകന്മാരുടെ ജീവിതത്തിന്റെ തായ്‌വേരും അവരുടെ വിജയങ്ങളുടെ അടിസ്ഥാനവും സത്യമായ മാർഗ്ഗവും ഈ ദുആ തന്നെയാണ്. അതുകൊണ്ട് ഞാൻ ഉപദേശിക്കുകയാണ് നിങ്ങളുടെ വിശ്വാസപരവും പ്രവർത്തനപരവുമായ ശക്തി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ദുആ ചെയ്തുകൊണ്ടേയിരിക്കുക. ദുആ മുഖേന, പര്യവസാനം ശുഭകരമാവുംവിധമുള്ള പരിവർത്തനം ദൈവാനുഗ്രഹത്താൽ ഉണ്ടാകുന്നതാണ്."

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ അല്ലാഹു ഓരോ അഹ്മദിക്കും പ്രാർത്ഥനയിൽ മുഴുകുന്നതിനും തങ്ങളുടെ വിശ്വാസപരവും പ്രവർത്തനപരവുമായ അവസ്ഥകൾ വർദ്ധിപ്പിക്കുന്നതിനും തൗഫീഖ് നല്കുമാറാകട്ടെ. ഈ അവസാന ദിവസങ്ങളിൽ പ്രത്യേകമായ നിലയിൽ അല്ലാഹു ദുആ സ്വീകരിക്കുന്നതിനായി ആദ്യത്തേക്കാൾ കൂടുതൽ തന്റെ ദാസരുടെമേൽ അനുഗ്രഹം ചെയ്യുന്നതാണ്. അതുകൊണ്ട് ഈ ദിനങ്ങളെ പ്രയോജനപ്പെടുത്തി ദുആയിൽ ഒരുപാട് ശക്തിചെലുത്തുകയും റമസാന്റെ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടാൻ ഓരോ അഹ്മദിയും പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു വേണ്ടിയായിരിക്കണം കൂടുതൽ ദുആ ചെയ്യേണ്ടത്. അപ്പോഴാണ് ദുആ നമ്മുടെ ജീവിതത്തിന്റെ അവിഭാജ്യഘടകമായിത്തീരുന്നത്.

ഹസ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു. "മറ്റേത് ദിവസങ്ങളിലും ഇല്ലാത്ത പരിശ്രമം റമസാൻ മാസത്തിന്റെ അവസാനത്തെ പത്തിൽ നബി(സ) പരിശ്രമിക്കാറുണ്ടായിരുന്നു."

ഈ മാതൃകയാണ് നമ്മുടെ മുമ്പിലുള്ളത്. അവശേഷിക്കുന്ന ദിനങ്ങളിൽ പ്രത്യേക ശ്രദ്ധയോടുകൂടി അല്ലാഹുവിനോടുള്ള ആരാധനയിൽ ഈ ദിനങ്ങൾ ചെലവഴിക്കുക. പ്രാർത്ഥനയിൽ മുഴുകുക. ഇഹലോകവും പരലോകവും നേടുന്നവരായി തീരുകയും ചെയ്യുക.

ഹസ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "വിശ്വാസദാർഢ്യത്തോടെയും ആത്മപരിശോധന നടത്തിക്കൊണ്ടും വല്ലവനും റമസാനിൽ നോമ്പനുഷ്ഠിച്ചാൽ അവന് മുൻകഴിഞ്ഞ പാപങ്ങൾ അതുമുഖേന പൊറുക്കപ്പെടുന്നതാണ്. വല്ലവനും വിശ്വാസദാർഢ്യത്തോടെയും ആത്മപരിശോധന നടത്തിക്കൊണ്ടും ലയ്‌ലത്തുൽ ഖദ്റിന്റെ രാത്രിയിൽ ആരാധനയ്ക്കായി നിന്നാൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്."

മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടുമെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യംതന്നെ, വരുംകാലങ്ങളിൽ അവന് പാപങ്ങളോട് വെറുപ്പും, നന്മ ചെയ്യുന്നതിലേക്ക് കൂടുതൽ ശ്രദ്ധയും ഉണ്ടാകുമെന്നാണ്. അവന്റെ ഓരോ കർമ്മവും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതായി തീരും. അതുകൊണ്ട് ഒരു സത്യവിശ്വാസി തന്റെ തെറ്റുകളിലേക്ക് നോക്കുകയും ആത്മപരിശോധന നടത്തുകയും ചെയ്തുകൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ വരികയും അവന്റെ മുമ്പിൽ കുനിയുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ ഈ ദിനങ്ങൾ അവനിൽ തീർച്ചയായും പരിവർത്തനങ്ങൾ ഉണ്ടാക്കുന്നതായിരിക്കും. ഓരോ അഹ്മദിയും തങ്ങളുടെ ജീവിതത്തെ സുന്ദരമാക്കിത്തീർക്കുന്നതിനുള്ള മാർഗ്ഗമാക്കി ഈ ദിനങ്ങളെ മാറ്റുകയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായി തീരുകയും ചെയ്യുക.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഉമാമ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: "വല്ലവനും അല്ലാഹുവിനുവേണ്ടി മാത്രം രണ്ട് പെരുന്നാളിന്റെ രാത്രികളിൽ ആരാധനയിൽ മുഴുകിയാൽ അവന്റെ ഹൃദയം എന്നെന്നേക്കുമായി ജീവിപ്പിക്കുന്നതാണ്. ലോകത്തുള്ള എല്ലാവരുടേയും ഹൃദയം മരിക്കുമ്പോഴും അവന്റെ ഹൃദയം മരിക്കുകയില്ല." നോക്കുക, റമസാനിലുണ്ടാകുന്ന പരിശുദ്ധമായ ഹൃദയപരിവർത്തനത്തെ സ്ഥിരമായി നിർത്തുന്നതിനായി നബി(സ) എത്ര ഹൃദയസ്പൃക്കായ നിലയിലാണ് ഉപദേശിച്ചിട്ടുള്ളത്. പെരുന്നാൾ ദിനത്തിൽ മിക്കയാളുകളും ഇത് മറന്നുപോകുന്നു. അടുത്ത വെള്ളിയാഴ്ച പെരു

ന്നാളും വരാൻപോകുകയാണ്.

രാത്രിയിലെ ഐച്ഛികമായ ആരാധനയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറഞ്ഞു: നിർബന്ധമാക്കപ്പെട്ട കാര്യങ്ങൾ നിങ്ങൾ ചെയ്യേണ്ടത് തന്നെയാണ്. പക്ഷേ, എന്നെന്നേക്കുമുള്ള തൃപ്തിയും സന്തോഷവും കരസ്ഥമാക്കണമെങ്കിൽ രാത്രിയിലും ആരാധനകൾ കൊണ്ട് ഈ ദിനങ്ങളെ മോടിപിടിപ്പിക്കുക; റമസാനു ശേഷവും. പ്രത്യേകിച്ച്, സന്തോഷവേളകളിൽ. ആ സമയത്ത് മനുഷ്യന്റെ ശ്രദ്ധ മറ്റിടങ്ങളിലായിരിക്കും. വെറും ക്ഷണം സ്വീകരിച്ച് ഭക്ഷണകാര്യങ്ങളിൽ മാത്രം സമയം ചെലവഴിക്കാതിരിക്കുക.

ഈ ആരാധനകളെല്ലാം ജീവിതത്തിന്റെ സ്ഥിരമായ ഭാഗങ്ങളായി തീരണമെന്നാണ് ഞാൻ പറഞ്ഞത്. ദുആയുമായി ബന്ധപ്പെട്ട വേറെ ചില ഹദീസുകളുണ്ട്. എങ്ങനെയാണ് ദുആ ചെയ്യേണ്ടതെന്ന് അതിൽനിന്ന് മനസ്സിലാകുന്നു.

ഹസ്റത്ത് ഇബ്നു ഉമർ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു; “നിങ്ങളിൽ ആർക്കാണോ പ്രാർത്ഥനയുടെ കവാടം തുറക്കപ്പെട്ടത് അവന് കാരുണ്യത്തിന്റെ കവാടം തുറക്കപ്പെടും. അല്ലാഹുവിനോട് ചോദിക്കുന്നതിൽ ഏറ്റവുമധികം അവന് പ്രിയങ്കരമായത് അവനോട് സൗഖ്യം തേടലാണ്. നബി(സ) പറഞ്ഞു. പരീക്ഷണമോ അപകടമോ ഉണ്ടാകുമ്പോൾ സുരക്ഷിതമായിരിക്കുന്നതിനുവേണ്ടി ഏറ്റവും ഫലപ്രദമായ കാര്യം പ്രാർത്ഥനയാണ്. അല്ലാഹുവിന്റെ ദാസരേ, നിങ്ങൾ ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹുവിനോട് ദുആ ചെയ്യുന്നതിൽ അവന് ഏറ്റവും പ്രിയപ്പെട്ടത് അവനോട് സൗഖ്യം തേടലാണ്. അവന്റെ തൃപ്തി കരസ്ഥമാക്കലാണ്. അല്ലാഹുവിന്റെ തൃപ്തി കിട്ടിക്കഴിഞ്ഞാൽ മറ്റു കാര്യങ്ങൾ സത്യവിശ്വാസി സ്വയം എടുത്തുകൊള്ളും.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു. വിഷമങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുമ്പോൾ തന്റെ പ്രാർത്ഥന സ്വീകരിക്കപ്പെടണമെന്ന് വല്ലവനും ആഗ്രഹിക്കുന്നുവെങ്കിൽ അവൻ അവന്റെ ക്ഷേമകാലത്ത് ധാരാളമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കട്ടെ.” ഈ ദുആയുടെ ബന്ധം കണ്ണിമുറിയാതെ മുന്നോട്ടുപോയാൽ ദുആ സ്വീകാര്യതയുടെ ദൃശ്യങ്ങൾ നിങ്ങൾക്ക് കാണാൻ കഴിയും.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ദൈവജ്ഞാന സിദ്ധിയാലും, അല്ലാഹുവിന്റെ അനുഗ്രഹത്താലും ലഭ്യമാകുന്ന പ്രാർത്ഥന മറ്റൊരു നിറവും നിലയുമുള്ളതായിരിക്കും. അത് ലയിപ്പിക്കുന്ന വസ്തുവാണ്. അത് കരിച്ചുകളയുന്ന തീയാണ്. അത് ദൈവകാരുണ്യത്തെ വലിച്ചടുപ്പിക്കുന്ന കാന്തികശക്തിയാണ്. അത് മരണമാണ്, എന്നാൽ അവസാനം ജീവിപ്പിക്കുന്നു. അത് ഉഗ്രജലപ്രവാഹമാണ്. എന്നാൽ അവസാനം കപ്പലായി ത്തീരുന്നു. തകരാറിലായിപ്പോയ എല്ലാ കാര്യങ്ങളും അതുമുഖേന നേരെയാകുന്നു. ഓരോ വിഷവും അവസാനം അതുമുഖേന സിദ്ധൗഷധമായി പരിണമിക്കുന്നു. തളർന്നുപോകാതെ ദുആ ചെയ്യുന്ന തടവുകാരൻ അനുഗൃഹീതനാണ്. അവൻ ഒരുനാൾ സ്വതന്ത്രനാകും. ദുആ ചെയ്യുന്നതിൽ മടികാണിക്കാത്ത അന്ധൻ അനുഗൃഹീതനാകുന്നു. ഒരുനാൾ അവന് കാഴ്ച ലഭിക്കും. ഖബറുകളിൽ കിടന്ന് അല്ലാഹു വിനോട് സഹായം തേടുന്നവൻ അനുഗൃഹീതനാണ്. ഒരുനാൾ അവൻ അതിൽനിന്ന് പുറത്തുകൊണ്ടുവരപ്പെടും. പ്രാർത്ഥനയിൽ ഒരിക്കലും ക്ഷീണിക്കാത്ത നിങ്ങൾ അനുഗൃഹീതരാണ്. പ്രാർത്ഥനയ്ക്കുവേണ്ടി നിങ്ങളുടെ ആത്മാവ് ഉരുക്കുകയും നിങ്ങളുടെ കണ്ണുകൾ കണ്ണീരൊഴുക്കുകയും നിങ്ങളുടെ മനസ്സിൽ ഒരു അഗ്നി ഉണ്ടാക്കുകയും ചെയ്യുന്നു. ഏകാന്തതയുടെ ആനന്ദം ആസ്വദിക്കുന്നതിനായി അന്ധകാരനിബിഢമായ കൊച്ചുമുറിയിലേക്കും ഘോരവനങ്ങളിലേക്കും അത് നിങ്ങളെ കൊണ്ടുപോകുന്നു. നിങ്ങളെ അസ്വസ്ഥരും ഉന്മാദരും സ്വയം നഷ്ടപ്പെടുത്തിയവരുമാക്കുന്നു. എന്തുകൊണ്ടെന്നാൽ അവസാനം നിങ്ങളിൽ അനുഗ്രഹം ചൊരിയപ്പെടും. ഏതൊരു അല്ലാഹുവിലേക്കാണോ നാം നിങ്ങളെ ക്ഷണിക്കുന്നത്, അവൻ അളവറ്റ ദയാപരനും പരമകാരുണികനും ലജ്ജാശീലനും സത്യസന്ധനും വിശ്വസ്തനും വിനയം കാണിക്കുന്നവരുടെമേൽ കരുണ ചെയ്യുന്നവനുമാണ്. അതുകൊണ്ട് നിങ്ങളും വിശ്വസ്തരായിത്തീരുക. സത്യഹൃദയത്തോടും ആത്മാർത്ഥതയോടുംകൂടി ദുആ ചെയ്യുക; അവൻ നിങ്ങളിൽ കരുണ ചൊരിയും. ദുനിയാവിലെ കോലാഹലങ്ങളിൽനിന്ന് അകലുക. വ്യക്തിപരമായ കലഹങ്ങൾക്ക് മതത്തിന്റെ നിറം കൊടുക്കാതിരിക്കുക. നിങ്ങൾ വൻവിജയങ്ങളുടെ അവകാശികളായിത്തീരുന്നതിന് അല്ലാഹുവിനുവേണ്ടി പരാജയം ഏറ്റുവാങ്ങുക. ദുആ ചെയ്യുന്നവർക്ക് അല്ലാഹു മുഅ്ജിസത്ത് കാണിക്കുന്നു. പ്രാർത്ഥിക്കുന്നവർക്ക് ഒരു അമാനുഷികമായ അനുഗ്രഹം നല്കപ്പെടുന്നു. പ്രാർത്ഥന അല്ലാഹുവിൽനിന്ന് വരുന്നു. അല്ലാഹുവിലേക്കുതന്നെ പോകുകയും ചെയ്യുന്നു നിങ്ങളുടെ ജീവൻ നിങ്ങളുടെ അടുത്തിരിക്കുന്നതുപോലെ ദുആ മുഖേന അല്ലാഹു നിങ്ങളുടെ അടുത്തായിത്തീരുന്നു. ദുആയുടെ ആദ്യത്തെ അനുഗ്രഹം മനുഷ്യരിൽ പരിശുദ്ധമായ പരിവർത്തനമുണ്ടാകുക എന്നതാണ്. (ദുആ സ്വീകരിക്കപ്പെടുമെന്ന് സ്വയം മനുഷ്യന് മനസ്സിലാക്കാൻ കഴിയും. ഉള്ളിൽ പരിവർത്തനമുണ്ടാകുന്നത് അനുഭവിച്ചറിയാനും സാധിക്കുന്നു) ഈ പരിവർത്തനംകൊണ്ട് അല്ലാഹുവും തന്റെ സിഫാത്ത് അഥവാ സവിശേഷഗുണങ്ങളിൽ മാറ്റം വരുത്തുന്നു. അവന്റെ സിഫത്തുകൾ മാറ്റമില്ലാത്തതാണ്. എന്നാൽ പരിവർത്തനം ചെയ്യപ്പെട്ടവന് അവന്റെ ജ്യോതിസ്സ് മറ്റൊന്നാണ്. (സിഫത്തുകൾ അതുതന്നെയാണ്. പക്ഷേ, മനുഷ്യൻ മാറ്റമുണ്ടാക്കുമ്പോൾ ഒരു പുതിയ രീതി അല്ലാഹു അവലംബിക്കുന്നു) ഇതിനെ ലോകർക്കറിയില്ല. അവൻ തന്നെയാണ് അല്ലാഹു. അവനല്ലാതെ വേറെ ദൈവമില്ല. എന്നാൽ പുതിയ ദിവ്യജ്യോതിസ്സ് പുതിയ നിറത്തിൽ അവൻ പ്രകടിപ്പിക്കുന്നു.

അപ്പോൾ ഈ പുതിയ ദിവ്യജ്യോതിസ്സിന്റെ ആവേശ ത്തള്ളലിൽ പരിവർത്തനം ചെയ്യപ്പെട്ടവനുവേണ്ടി അവൻ പ്രവർത്തിച്ചുതുടങ്ങുന്നു. മറ്റുള്ളവർക്കുവേണ്ടി അങ്ങനെ അവൻ ചെയ്യാറില്ല. ഇതുതന്നെയാണ് പ്രാർത്ഥന മുഖേന ഉണ്ടാകുന്ന പ്രത്യേകത. ചുരുക്ക ത്തിൽ മണ്ണിനെ പൊന്നാക്കിമാറ്റുന്ന രാസപ്രക്രിയയാണ് പ്രാർത്ഥന. (ഒരു മണൽതരിയെപോലും വിലപിടിച്ച വസ്തുവാക്കി മാറ്റാൻ പ്രാർത്ഥനയ്ക്ക് കഴിയുന്നു.) ആന്തരികമായ അഴുക്കുകളെ കഴുകി വൃത്തിയാക്കുന്ന വെള്ളമാണ് പ്രാർത്ഥന. ഈ പ്രാർത്ഥനയോടുകൂടി ആത്മാവ് ഉരുകുകയും വെള്ളംപോലെ പ്രവഹിച്ച് ദൈവ സവിധത്തിൽ പതിക്കുകയും ചെയ്യുന്നു. അവൻ ദൈവി കസവിധത്തിൽ നില്ക്കുകയും കുമ്പിടുകയും പ്രണമി ക്കുകയും ചെയ്യുന്നു. അതിന്റെ ഛായ തന്നെയാണ് ഇസ്ലാം പഠിപ്പിച്ചിട്ടുള്ള നിസ്കാരം."

ഇതാണ് ദുആ ചെയ്യേണ്ട രീതി. ഇതാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതീ ക്ഷിക്കുന്നത്. ഈ റമസാനിൽ നമ്മളിൽ ഓരോരുത്തരും ഈ തത്വം മനസ്സിലാക്കിക്കൊണ്ട് പ്രാർത്ഥന നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റാൻ അല്ലാഹു അനുഗ്ര ഹിക്കുമാറാകട്ടെ. ഈ പരിശുദ്ധമായ പരിവർത്തനം നമ്മുടെ ജീവിതത്തിന്റെ ഭാഗമായി തീരട്ടെ. ഈ ദിനങ്ങ ളിൽ അല്ലാഹുവിന്റെ തൃപ്തി കിട്ടുന്നതിനായി സ്വയം പ്രാർത്ഥിക്കുന്നതിനോടൊപ്പം അവന്റെ കല്പന അനു സരിച്ച് നടക്കാനും തൗഫീഖ് നല്കുമാറാകട്ടെ. ഇക്കാ ലത്തിന്റെ ഇമാമായ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനെ പ്രചരിപ്പിക്കാനുള്ള തൗഫീഖ് നമുക്ക് ലഭിക്കുമാറാകട്ടെ. റമസാന്റെ അനുഗ്രഹം നമ്മുടെ ജീവി തത്തിന്റെ അവിഭാജ്യഘടകമായിത്തീരട്ടെ. സ്വായത്ത മാക്കിയ നന്മകൾ ഉപേക്ഷിച്ച്കളയുന്നവരാകാതിരിക്ക ട്ടെ. നമ്മൾ ഉപേക്ഷിച്ച തിന്മകൾ വീണ്ടും നമ്മളിൽ കട ന്നുകൂടാതിരിക്കട്ടെ. നമ്മുടെ മക്കളും മക്കളുടെ മക്കളും വരുംതലമുറയും അല്ലാഹു വിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരും നന്മയിലൂടെ നടക്കുന്നവരുമായി ത്തീരട്ടെ. നബി(സ) തിരുമേനിയുടെ അനുയായികളെന്ന് അവകാശപ്പെടുന്നവർക്ക് അല്ലാഹു ബുദ്ധിയും വിവേ കവും നല്കുന്നതിനുവേണ്ടി ദുആ ചെയ്യുക. അവർ ഇക്കാലത്തെ ഇമാമിനെ നിഷേധിക്കുന്നവരായി തീരാ തിരിക്കട്ടെ. പ്രത്യുത, ആ മഹാത്മാവിനെ തിരിച്ചറിയു ന്നവരായി തീരട്ടെ. ഈ നിഷേധം കാരണം ദൈവകോ പത്തെ ക്ഷണിച്ചുവരുത്തുന്നവരാകാതിരിക്കട്ടെ. അവ രുടെ ബുദ്ധിമുട്ടുകൾ കാണുമ്പോൾ നമ്മുടെ ഹൃദയം സദാ അസ്വസ്ഥമാണ്. അല്ലാഹു നമുക്ക് ദുആ ചെയ്യാനും തൗഫീഖ് നല്കുമാറാകട്ടെ.

ഹസ്റത്ത് മസീഹ് മൗഊദ്(അ) 'ആയിനയെ കമാ ലാത്തെ ഇസ്ലാം' എന്ന ഗ്രന്ഥത്തിന്റെ അറബി ഭാഗത്ത് ജനതയ്ക്കുവേണ്ടി കുറേ ദുആകൾ തറാവീഹ് നിസ്കാര ത്തിൽ ചെയ്തിട്ടുണ്ട്. "എന്റെ നാഥാ! എന്റെ നാഥാ! എന്റെ ജനതയെക്കുറിച്ചുള്ള എന്റെ പ്രാർത്ഥനയും എന്റെ സഹോദരന്മാരെക്കുറിച്ചുള്ള എന്റെ കേഴലും നീ കേൾക്കേണമേ. ഞാൻ നിന്റെ നബിയായ ***ഖാത്തമു ന്നബ്ബിയീൻ വ ശഫീഉൽ മുദ്നബീൻ***(സ)നെ മധ്യസ്ഥ നാക്കിക്കൊണ്ട് അപേക്ഷിക്കുന്നു. എന്റെ നാഥാ, ഇവരെ അന്ധകാരങ്ങളിൽനിന്ന് നിന്റെ പ്രകാശത്തിലേക്ക് കൊണ്ടുവരേണമേ. ഈ ലോകത്തെ നഷ്ടങ്ങളിൽനിന്ന് നിന്റെ സവിധത്തിലേക്ക് കൊണ്ടുവരേണമേ. എന്റെ രണ്ട് കൈയും വെട്ടിക്കളയാനാഗ്രഹിക്കുന്ന ഈ ജന തയെ നാശത്തിൽനിന്ന് നീ രക്ഷിക്കേണമേ. അവരുടെ ഹൃദയത്തിന്റെ വേരുകളിൽ നിന്റെ സന്മാർഗ്ഗം പ്രവേ ശിപ്പിക്കേണമേ. അവരുടെ പാപങ്ങളും തെറ്റുകളും പൊറുത്തുകൊടുക്കേണമേ. അവരെ പരിശുദ്ധരാക്കേ ണമേ. കാണാൻ കഴിയുന്ന കണ്ണുകൾ അവർക്ക് നല്കേ ണമേ. കേൾക്കാൻ കഴിയുന്ന ചെവികളും മനസ്സിലാ ക്കാൻ കഴിയുന്ന മനസ്സും അവർക്ക് നല്കേണമേ. തിരി ച്ചറിയാൻ കഴിയുന്ന പ്രകാശങ്ങളും അവർക്ക് നല്കേ ണമേ. അവരിൽ കരുണ ചൊരിയേണമേ. അവർ പറ യുന്നത് നീ അവർക്ക് മാപ്പാക്കിക്കൊടുക്കേണമേ; കാരണം അവർ കാര്യങ്ങളറിയുന്ന ജനതയല്ല.

എന്റെ നാഥാ! ഹസ്റത്ത് മുസ്തഫാ(സ)യുടെ മുഖകമലത്തേയും അവിടത്തെ ഉന്നതമായ പദവിക ളേയും രാത്രികാലങ്ങളിൽ നിന്റെ സന്നിധിയിൽ പ്രാർത്ഥ നയിൽ മുഴുകുന്ന എല്ലാ സത്യവിശ്വാസികളേയും ഉച്ച നേരത്തെ വെളിച്ചത്തിൽ യുദ്ധങ്ങളിൽ പങ്കെടുക്കുന്ന നിസ്കാരക്കാരേയും യുദ്ധങ്ങളിൽ നിനക്കുവേണ്ടി യാത്ര ചെയ്യുന്ന ധീരാത്മാക്കളേയും ഉമ്മുൽ ഖുറാ അഥവാ പരിശുദ്ധമായ മക്കയിലേക്ക് യാത്രചെയ്യുന്ന സംഘക്കാരേയും മധ്യസ്ഥമാക്കി നീ ഞങ്ങളുടേയും ഞങ്ങളുടെ സഹോദരന്മാരുടെ ഇടയിൽ രഞ്ജിപ്പുണ്ടാ ക്കേണമേ. നീ ഇവരുടെ കണ്ണുകൾ തുറക്കേണമേ. അവ രുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കേണമേ. ഞങ്ങൾക്ക് മനസ്സിലാക്കിത്തന്നത് അവർക്കും മനസ്സിലാക്കിക്കൊ ടുക്കേണമേ. അവർക്ക് തഖ്വയുടെ വഴികൾ എന്താ ണെന്ന് അറിയിച്ചുകൊടുക്കേണമേ." അല്ലാഹു നമ്മുടെ പ്രാർത്ഥനകൾ സ്വീകരിക്കുമാറാകട്ടെ. ഇവരുടെയെല്ലാം മനസ്സ് തുറക്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 28.10.2005 at Baithul Futuh, London

**വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ**
0497 2702562; Mob: 9895 126027
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala